വീണ്ടും വായനയ്ക്ക്

# അണക്കെട്ടുകമ്മീഷന്റെ റിപ്പോർട്ട് പഠിക്കുംമുമ്പ് തള്ളി

ന്യൂഡൽഹി: അണക്കെട്ടുകളെപ്പറ്റിയുള്ള ലോക കമ്മീഷന്റെ റിപ്പോർട്ട് വിശദമായി പഠിക്കുകപോലും ചെയ്യാതെ കേന്ദ്രസർക്കാർ തള്ളി. ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്ന റിപ്പോർട്ട് ചർച്ചചെയ്യാൻ ചേർന്ന യോഗം സർക്കാർ ബഹിഷ്കരിക്കുകയും ചെയ്തു.

"അണക്കെട്ടുകളും വികസനവും തീരുമാനങ്ങൾക്ക് ഒരു പുതിയ ചട്ടക്കൂട്" എന്ന പേരിലുള്ള റിപ്പോർട്ട് തള്ളിക്കൊണ്ട് ജലവിഭവവികസന മന്ത്രാലയത്തിൽ നിന്ന് കത്ത് കിട്ടിയതായി കമ്മീഷൻ ഉപാധ്യക്ഷനും മുൻ ആസൂത്രണകമ്മീഷൻ അംഗവുമായ എൽ. സി. ജെയിൻ അറിയിച്ചു.

ലോകബാങ്കിന്റേയും അന്താരാഷ്ട്രപ്രകൃതി - പ്രകൃതി വിഭവസംരക്ഷണയൂണിയന്റെയും സഹകരണത്തോടെ 1998 - ൽ നിലവിൽ വന്ന കമ്മീഷൻ, കേന്ദ്രം ബഹിഷ്കരിക്കാൻ കാരണം, നർമ്മദാ ബച്ചാവോ ആന്ദോളൻ നേതാവ് മേധാപട്കർ അതിൽ അംഗമാണെന്നതാണെന്ന് പറയപ്പെടുന്നു. അണക്കെട്ടുകളെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും സാങ്കേതിക വിദഗ്ധരുമൊക്കെ കമ്മീഷനിൽ അംഗങ്ങളാണ്.

റിപ്പോർട്ട് ചർച്ച ചെയ്യാൻ ചേർന്ന മൂന്നു ദിവസത്തെ സമ്മേളനം ജലവിഭവമന്ത്രാലയം ഉദ്യോഗസ്ഥർ ബഹിഷ്കരിച്ച ആഭ്യന്തരം, പരിസ്ഥിതി - വനംമന്ത്രാലയ ഉദ്യോഗസ്ഥർ 'വ്യക്തിപരമായ കാരണങ്ങൾ' പറഞ്ഞ് വിട്ടുനിൽക്കുകയായിരുന്നു.

കഴിഞ്ഞ നവംബറിൽ നെൽസൺ മണ്ഡേല പ്രകാശനം ചെയ്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീലങ്ക, ബ്രസീൽ തുടങ്ങിയ രാജ്യങ്ങൾ ദേശീയതലത്തിൽ കമ്മീഷനെ നിയോഗിച്ചു കഴിഞ്ഞു.

പാക്കിസ്ഥാനാകട്ടെ റിപ്പോർട്ട് നടപ്പാക്കുന്നതിന് പ്രകൃതി - പ്രകൃതി വിഭവയൂണിയന്റെ സഹായം തേടിയിരിക്കുകയാണ്.

അണക്കെട്ട് നിർമ്മാണം സംബന്ധിച്ച് തീരുമാനമെടുക്കുന്നത് വികേന്ദ്രീകരിക്കണമെന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ മുൻകൂർ അനുമതി ഉണ്ടെങ്കിലേ അണക്കെട്ട് പണിയാവൂ എന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

മാതൃഭൂമി ദിനപ്പത്രം
(2001 മെയ് 28)